(ബി) കേസ്സുകളിൽ പ്രതി ചേർക്കപ്പെട്ടവരുടെയും ഇനിയും പിടികൂടാനുള്ള വരുടെയും എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

വർഷം	പ്രതിചേർക്കപ്പെട്ടവരുടെ എണ്ണം	ഇനിയും പിടികൂടാനുള്ളവരുടെ എണ്ണം
2011-12	473	40
2012-13	615	103
2013-14	1563	327

കെ.എസ്.എഫ്.ഇ.യുടെ ബ്ലേഡ് പലിശ

169 (6318) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കെ.എസ്.എഫ്.ഇ. ഇടപാടുകാരിൽനിന്നും വായ്പ എടുക്കുന്നവരിൽനിന്നും ബ്ലേഡുപലിശ ഈടാക്കുന്നതായി ആഭ്യന്തര വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് "ഓപ്പറേഷൻ കുബേര" പദ്ധതിയിൽ ഉൾപ്പെടുത്തി അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ടെത്തിയിട്ടില്ല.

(ബി) ബാധകമല്ല.

ആപ്പിൾ ട്രീ ചിട്ടി കമ്പനിയുടെ തട്ടിപ്പ്

170 (6319) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആപ്പിൾ ട്രീ ചിട്ടികമ്പനിയുടെ തട്ടിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) നിക്ഷേപകരുടെ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; കേസ്സിൽ എത്ര പ്രതികളുണ്ട് ; ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളാരെല്ലാം ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്പനിയുടെ തട്ടിപ്പ് സംബന്ധിച്ച് അന്വേഷണത്തിൽ ലഭ്യമായ വിവരങ്ങൾ വിശദമാക്കുമോ ; തട്ടിപ്പിനിരയായ നിക്ഷേപകർക്ക് പണം തിരികെ ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കേസ്സിന്റെ നിലവിലെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആപ്പിൾ ട്രീ ചിട്ടികമ്പനിയുടെ തട്ടിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരായ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കേസ്സുകളിലെ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഉണ്ട്. നിക്ഷേപകരുടെ പരാതികൾ സംബന്ധിച്ച് സംസ്ഥാന ത്തൊട്ടാകെ 39 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 4 കേസ്സുകളിൽ അന്വേഷണം പൂർത്തിയായിട്ടുള്ളതുമാണ്. 2 കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ ആകെ 114 പ്രതി കളുള്ളതിൽ 11 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായ ശങ്കർ ജി. ദാസ്, എക്സിക്യൂട്ടീവ് ഡയറക്ടറായ വിമൽകുമാർ, അഡ്വൈസറി ബോർഡ് ചെയർമാനായ കെ.ജി. ജെയിംസ്, വിവിധ ബ്രാഞ്ചുകളുടെ മാനേജർമാർ, ജീവനക്കാർ എന്നിവരെ ടി 39 കേസ്സുകളിൽ പ്രതികളായി ഉൾപ്പെടുത്തിയിട്ടുള്ളതും ഇനിയും അറസ്റ്റു ചെയ്യുവാൻ ബാക്കിയുള്ളവരുമാണ്.

(സി) തട്ടിപ്പിനിരയായ നിക്ഷേപകർക്ക് പണം തിരികെ ലഭിച്ചിട്ടില്ല. ആപ്പിൾ ട്രീ ചിറ്റ്സ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ചിട്ടി നടത്തുന്നതായി വിശ്വസിപ്പിച്ച്, നിക്ഷേപകരിൽനിന്നും ഒരു നിശ്ചിത എണ്ണം തവണകൾ പണമാക്കി ഒടുക്കി കഴിഞ്ഞാൽ ചിട്ടിതുകയുടെ 75% മുൻകൂറായി നൽകുമെന്ന് പറഞ്ഞ് നിക്ഷേപകരെ വിശ്വസിപ്പിച്ച് പ്രതികൾ മുങ്ങിയതായാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. ഇതിൽ സ്ഥാപനത്തിന്റെ ശാഖകളുടെ പരിസരങ്ങളിൽനിന്നും ജീവനക്കാരെ നിയോഗിച്ച് അവരെ ഉപയോഗിച്ചാണ് കൂടുതലായും തട്ടിപ്പുകൾ നടത്തിയിരിക്കുന്നതെന്ന് മനസ്സിലായിട്ടുണ്ട്.

(ഡി) പ്രസ്തുത കേസ്സുകളിൽ 4 എണ്ണം അന്വേഷണം പൂർത്തിയാക്കി യിട്ടുള്ളതും 2 എണ്ണം ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളതുമാണ്. ബാക്കിയുള്ള കേസ്സുകളിൽ തട്ടിപ്പിന് നേതൃത്വം നൽകിയ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരികയാണ്.

ലീ ക്യാപ്പിറ്റൽ തട്ടിപ്പിനെക്കുറിച്ചുള്ള അന്വേഷണത്തിന്റെ പുരോഗതി

171 (6320) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീ ക്യാപ്പിറ്റൽ തട്ടിപ്പിനെതിരായുള്ള അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ലീ ക്യാപ്പിറ്റൽ തട്ടിപ്പിനെതിരായുള്ള കേസ്സിൽ അന്വേഷണം ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly